"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ്– എയ്ഡഡ് - സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി തസ്തിക മാറ്റിവച്ചിട്ടുള്ള സ്കൂളുകളിലെ മറ്റു നിയമനങ്ങളുടെ അംഗീകാരം – കെ.ഇ.ആർ അദ്ധ്യായം **XXI**, ചട്ടം **7 (5)** ലെ വ്യവസ്ഥയ്ക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

G.O.(Ms)No.101/2023/GEDN തീയതി,തിരുവനന്തപുരം, **18-07-2023**

പരാമർശം:- **1.08.03.2019**-ലെ ജെ**2/57/2019**/പൊ.വി.വ. സർക്കുലർ
2.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **02.06.2019** തീയതിയിലെ **DPI/4747/2019-H2** നമ്പർ കത്ത്.
3.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **10.11.2021** തീയതിയിലെ നമ്പർ എച്ച് **(2)/19500/2019**/ഡി ജി ഇ നമ്പർ കത്ത്.

ഉത്തരവ്

കെ.ഇ.ആർ അദ്ധ്യായം **XXI**, ചട്ടങ്ങൾ **7 (1), 7 (2), 7 (3) (a), 7 (3) (b), 7 (4)** എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റിവയ്ക്കേണ്ട തസ്തികകളിലെ ഒഴിവുകളിൽ മാനേജർമാർ അധ്യാപകബാങ്കിൽ നിന്നല്ലാതെ നിയമനം നടത്തരുതെന്നും, അപ്രകാരം ചെയ്യാതിരിക്കുകയും പ്രസ്തുത ഒഴിവുണ്ടായ തീയതിയിലോ അതിനു ശേഷമോ ഉണ്ടാകുന്ന മറ്റ് ഒഴിവുകളിൽ മാനേജർ പുതിയ നിയമനം നടത്തുകയും ചെയ്താൽ അപ്രകാരമുള്ള നിയമനം ലഭിക്കുന്നവർക്ക് സംരക്ഷിതാധ്യാപകർക്കായുള്ള തസ്തികകളിൽ സംരക്ഷിതാധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ നിയമനാംഗീകാരം നൽകൂ എന്നും ചട്ടം **7 (5)** ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റിവയ്ക്കേണ്ട തസ്തികകളിലെ ഒഴിവുകളിലേക്ക് മാനേജർമാർ യഥാസമയം നിയമപ്രകാരം സംരക്ഷിതാധ്യാപകരെ ആവശ്യപ്പെടുകയും എന്നാൽ വിവിധ കാരണങ്ങളാൽ അവരെ നൽകാൻ കാലതാമസം നേരിടുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ പ്രസ്തുത ഒഴിവുകളിൽ അക്കാദമിക താല്പര്യം മുൻനിർത്തി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്താൻ അനുവാദം നല്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(2)** ലെ കത്ത് വഴി

വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

കെ.ഇ.ആർ അധ്യായം **XXI Rule 7(2),7(3)** എന്നിവ പ്രകാരം സംരക്ഷിത അധ്യാപകരെ മാത്രം നിയമിക്കാനുള്ള തസ്തികയിൽ നിയമനം നടത്തുന്നതിന് അംഗീകൃത ഒഴിവു മാറ്റി വച്ചിട്ടുണ്ടെങ്കിലോ **01.06.2019** നകം അംഗീകൃത ഒഴിവു മാറ്റിവെയ്ക്കുന്നുവെങ്കിലോ അത്തരം സ്കൂളുകളിലെ **2018-19** വരെയുള്ള മറ്റ് നിയമനങ്ങൾക്ക് നിയമന തീയതി മുതൽ അംഗീകാരം നല്കാവുന്നതാണെന്ന് പരാമർശം **(1)** ലെ സർക്കാർ ഉത്തരവിൽ നിർദേശം നൽകിയിരുന്നു. സംരക്ഷിതാധ്യാപകരെ നിയമിക്കാനുള്ള തസ്തികകളിലെ ഒഴിവുകൾ നിയമാനുസൃതം വിട്ടുനൽകിയിട്ടും അവരെ പുനർവിന്യസിക്കാത്തതിനാൽ സ്കൂളിൽ നടത്തിയിട്ടുള്ള മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ സാധിക്കാത്ത സാഹചര്യം ഇപ്പോഴും പലയിടങ്ങളിലും നിലനിൽക്കുന്നുണ്ടെന്നും ആയതിനാൽ കെ.ഇ.ആർ അദ്ധ്യായം **XXI**, ചട്ടം **7 (5)** ലെ വ്യവസ്ഥയ്ക്ക് ഇളവ് നൽകിക്കൊണ്ട്, മാനേജർമാർ സംരക്ഷിതാധ്യാപകരെ ആവശ്യപ്പെട്ട തീയതി മുതൽ അത്തരം സ്കൂളുകളിലെ മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത് ഉചിതമായിരിക്കുമെന്നും പരാമർശം **(3)** ലെ കത്ത് മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംരക്ഷിതാധ്യാപകരെ നിയമിക്കാനുള്ള തസ്തികകളിലെ ഒഴിവുകൾ മാനേജർമാർ നിയമാനുസൃതം വിട്ടുനൽകിയിട്ടും പ്രസ്തുത ഒഴിവുകളിലേക്ക് സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കാത്തതിനാൽ സ്കൂളിൽ നടത്തിയിട്ടുള്ള മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. ആയതിനാൽ കെ.ഇ.ആർ അദ്ധ്യായം **XXI** ചട്ടം **7 (5)** ലെ വ്യവസ്ഥയ്ക്ക് ഇളവ് നൽകിക്കൊണ്ട്, ചട്ടങ്ങൾ **7 (2), 7 (3) (a)** എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലെ ഒഴിവുകളിൽ മാനേജർ നിയമനം നടത്താതെ നിയമാനുസൃതം അവ സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റിവച്ചുകൊണ്ട് അക്കാര്യം വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത സ്കൂളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കാത്തതിനാൽ അംഗീകാരം തടസ്സപ്പെട്ടിരിക്കുന്ന മറ്റു നിയമനങ്ങൾക്ക് നിയമനതീയതി മുതൽക്ക് അംഗീകാരം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മറ്റുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനു മുമ്പ്

മാനേജർ സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി വിട്ടുനൽകിയ തസ്തികയിലെ ഒഴിവ് വ്യവസ്ഥാപിതമാണോയെന്ന് ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്. മാത്രമല്ല സംരക്ഷിതാധ്യാപകർക്കായി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിൽ അവരെ അല്ലാതെ മറ്റാരെയും നിയമിക്കാൻ പാടില്ല എന്ന വ്യവസ്ഥ കർശനമായും പാലിക്കേണ്ടതും ഇത്തരം സ്കൂളുകളിലേക്ക് സംരക്ഷിതാധ്യാപകരെ കാലവിളംബം കൂടാതെ പുനർവിന്യസിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

2019-20 അധ്യയന വർഷം മുതലുള്ള നിയമനങ്ങൾക്ക് ഈ ഉത്തരവ് ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MEENAMBIKA M I

JOINT SECRETARY

പകർപ്പ്:

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manoj T I
Date: 19-07-2023 11:08:40